സപ്ലൈ വാൽവുകൾ നിയന്ത്രിച്ചും ജലസ്രോതസ്സുകളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ കേരളാ വാട്ടർ അതോറിറ്റി എടുത്തുവരുന്നു. കേരളാ റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി നടപ്പാക്കുന്ന ജലനിധി പദ്ധതി അനുസരിച്ചുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന സെക്ടർ റിഫോം കീഴിലുള്ള കുടിവെള്ള പദ്ധതികളും കുടിവെള്ള പ്രശ്നപരിഹാരത്തിന് സഹായകരമാണ്. പഞ്ചായത്തുകൾ നടപ്പാക്കുന്ന പദ്ധതികളും സ്വജലധാരാ പദ്ധതിയും കുടിവെള്ളക്ഷാമത്തിന് പരിഹാരമാണ്.

കൂടാതെ പഴയ കിണറുകളും കുളങ്ങളും ശുചീകരിക്കുന്നതിനും, ജലസ്രോതസ്സുകൾ നവീകരിക്കുന്നതിനും, കുഴൽ കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും, ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനും വേണ്ട നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ജലസംഭരണികളും ജലസ്രോതസ്സുകളും അറ്റകുറ്റപ്പണികൾ നടത്തി വാട്ടർ അതോറിറ്റി സംരക്ഷിച്ചുവരുന്നുണ്ട്. ജല സേചന വകുപ്പും ജലസംഭരണികളുടേയും പുഴകളുടേയും സംരക്ഷണം നടത്തുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുളങ്ങളുടെ പുനരുദ്ധാരണ നടപടികളും ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്തുവരുന്നു.

(ഇ) ശുദ്ധജല വിതരണം ബഹുരാഷ്ട്ര കമ്പനികളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

തീർത്ഥാടക ടൂറിസം

*11 [191] ശ്രീമതി രാധാ രാഘവൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ജോർജ് ജെ. മാത്യു:
„ പി. ജെ. ജോയി:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടക ടൂറിസത്തിന് സംസ്ഥാനം വേണ്ടത്ര പരിഗണന നൽകുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് തീർത്ഥാടക ടൂറിസത്തിന്റെ ഭാഗമായി എവിടെയെല്ലാം കൂടുതൽ തീർത്ഥാടകരും മറ്റുള്ളവരും എത്തിച്ചേരുന്നുണ്ട്;

(സി) ഈ സ്ഥലങ്ങളിൽ തീർത്ഥാടക ടൂറിസ്റ്റുകൾക്ക് കൂടുതൽ സൗകര്യം ചെയ്തു കൊടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ഡി) ശബരിമല, ഗുരുവായൂർ, മലയാറ്റൂർ എന്നിവിടങ്ങളിൽ എത്തുന്ന വിദേശികളും സ്വദേശികളുമായ തീർത്ഥാടകർക്ക് ടൂറിസം വകുപ്പ് എന്തെല്ലാം പ്രത്യേക സൗകര്യങ്ങൾ ഈ വർഷം ഏർപ്പെടുത്തുകയുണ്ടായി എന്ന് വ്യക്തമാക്കാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്. ടൂറിസം വകുപ്പ് തീർത്ഥാടക ടൂറിസത്തിന് വേണ്ടത്ര പ്രാധാന്യം നൽകിക്കൊണ്ട് ഈ മേഖലയിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട തീർത്ഥാടന ടൂറിസം കേന്ദ്രങ്ങളായി അറിയപ്പെടുന്ന ശബരിമല, ഗുരുവായൂർ, മലയാറ്റൂർ, കാലടി തുടങ്ങിയ സ്ഥലങ്ങളിൽ നിരവധി തീർത്ഥാടക ടൂറിസ്റ്റുകൾ എത്തിച്ചേരുന്നുണ്ട്.

(സി) ശബരിമല തീർത്ഥാടക ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് ഏകദേശം 2 കോടി രൂപ ചെലവിൽ എരുമേലിയിലും 1.75 കോടി രൂപ ചെലവിൽ കുളനടയിലും രണ്ട് തീർത്ഥാടക സൗകര്യകേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അതേപോലെ മലയാറ്റൂരിലും കാലടിയിലും ഗുരുവായൂരും ഏറ്റവും ബൃഹത്തായ ടൂറിസ്റ്റു കോംപ്ലക്സുകൾ പണി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ കാലടിയിലും, മലയാറ്റൂരിലും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ശബരിമലയിലേക്കുള്ള മാർഗ്ഗമദ്ധ്യേ കുളനടയിൽ ഒരു പിൽഗ്രിം സെന്റർ പണി കഴിപ്പിച്ചിട്ടുണ്ട്. കൂടാതെ എരുമേലിയിലും തീർത്ഥാടകർക്കായി ഒരു പിൽഗ്രിം സെന്റർ ഈ വർഷം പ്രവർത്തനമാരംഭിച്ചു. ഗുരുവായൂർ ഗസ്റ്റ് ഹൗസിനു സമീപം ഒരു തീർത്ഥാടക സമുച്ചയം പണി കഴിപ്പിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. മലയാറ്റൂരിൽ ഒരു ഇൻഫർമേഷൻ സെന്ററിന് അനുമതി നൽകിയിട്ടുണ്ട്.

ഭൂഗർഭജലം ഊറ്റിയെടുക്കുന്നത് തടയുന്നതിന് നടപടി

*12 [192] ശ്രീ. പി. എസ്. സുപാൽ:
„ ബിനോയ് വിശ്വം:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും നിയമവിരുദ്ധമായി ഭൂഗർഭജലം ഊറ്റിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പഠനങ്ങളിൽ കണ്ടെത്തിയ വിവരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാനത്ത് നിയമവിരുദ്ധമായി ഭൂഗർഭജലം ഊറ്റിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. കേരള സംസ്ഥാന ഭൂജലബോർഡും കേന്ദ്ര ഭൂജല ബോർഡും ചേർന്ന് ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ ഭൂജലത്തിന്റെ അമിത ചൂഷണം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മൂന്നു ബ്ലോക്കുകളായ ചിറയിൻകീഴ്, കാസർഗോഡ്, കൊടുങ്ങല്ലൂർ എന്നിവ ഓവർ എക്സ്പ്ലോയിറ്റഡ് കാറ്റഗറിയിൽപ്പെടുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly